കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 10.11.2026

പ്രസിദ്ധീകരണത്തിന്

പരീക്ഷാഫലം

കണ്ണൂർ സർവകലാശാല മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ./ ബി.ബി.എ/ ബി.കോം/ ബി.സി.എ (2024 അഡ്മിഷൻ - FYUGP) റഗുലർ നവംബർ 2025 ബിരുദ പരീക്ഷകളുടെ ഫലം 09/11/2026 ന് പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ K-REAP ലോഗിനിലും സ്റ്റുഡന്റ് മൊബൈൽ ആപ്പിലും ലഭ്യമാണ്. പുനഃപരിശോധന/സൂക്ഷ്മപരിശോധന/ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള അപേക്ഷകൾ 21/11/2026 വൈകുന്നേരം 5 മണി വരെ സമർപ്പിക്കാവുന്നതാണ്.

പരീക്ഷ വിജ്ഞാപനം

07.12.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എഫ് വൈ യു ജി പി (റെഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകളുടെ സ്റ്റുഡന്റ് രജിസ്ട്രേഷൻ , കോഴ്സ് സെലെക്ഷൻ എന്നിവ 16.11.2026 മുതൽ 20.11.2026 വരെ നടത്താവുന്നതാണ്. 22.11.2026 മുതൽ 26.11.2026 വരെയാണ് ഫീസ് അടക്കുവാനുള്ള സമയം. പരീക്ഷ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

അഞ്ചാം സെമസ്റ്റർ ബിരുദ മേഴ്സി ചാൻസ് പരീക്ഷകൾ 2026 ഡിസംബർ 10 മുതൽ

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബിരുദ (2014 മുതൽ 2018 വരെ പ്രവേശനം) മേഴ്സി ചാൻസ് നവംബർ 2026 പരീക്ഷകൾ 2026 ഡിസംബർ 10 മുതൽ ആരംഭിക്കുന്നതാണ്. കണ്ണൂർ സർവകലാശാല താവക്കര ക്യാംപസ് ആണ് പരീക്ഷ സെന്റർ. പരീക്ഷ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

ടൈം ടേബിൾ

1. 27.11.2026 ന് നടക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും മൂന്നാം സെമസ്റ്റർ ബി. എഡ്. (റെഗുലർ / സപ്ലിമെന്ററി /ഇമ്പ്രൂവ്മെന്റ്) നവംബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

2. 23-11-2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും മൂന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ /സപ്ലിമെന്ററി/ഇമ്പ്രൂവ്മെന്റ്) നവംബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ പി.ജി.ഡി. എൽ.ഡി , മെയ് 2026 - പ്രായോഗിക/വാചാ പരീക്ഷകൾ

രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ലേർണിംഗ് ഡിസെബിലിറ്റി (പി.ജി.ഡി.എൽ.ഡി.) (റഗുലർ / സപ്ലിമെന്ററി), മെയ് 2026 പരീക്ഷയുടെ ഭാഗമായുള്ള പ്രായോഗിക / വാചാ പരീക്ഷകൾ **2026 നവംബർ 17 ന്** ഫാപ്പിൻസ് കമ്മ്യൂണിറ്റി കോളേജ് ഓഫ് ബിഹേവിയറൽ മാനേജ്മെന്റ്, തൃക്കരിപ്പൂർ, ഹൃദയാരാം കമ്മ്യൂണിറ്റി കോളേജ് ഓഫ് കൗൺസിലിങ്, തളാപ്പ് എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

ഹാൾ ടിക്കറ്റ്

2026 നവംബർ 13 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഡിഗ്രി സപ്ലിമെന്ററി (2020 മുതൽ 2023 വരെ അഡ്മിഷൻസ്) പരീക്ഷകളുടെ ഹാൾ ടിക്കറ്റുകളും നോമിനൽ റോളുകളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രായോഗിക പരീക്ഷകൾ/വൈവ-വോസി

കണ്ണൂർ സർവ്വകലാശാല അഫീലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ. ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഒക്ടോബർ 2026 പ്രായോഗിക പരീക്ഷകൾ/വൈവ-വോസി എന്നിവ **2026 നവംബർ 11 മുതൽ 20 വരെയുള്ള** തീയതികളിലായി അതത് കോളേജുകളിൽ വെച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ് .

ഒപ്പ്/-

ഡെപ്യൂട്ടി രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം